ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE: 06.06.2026

## പ്രധാനവാർത്തകൾ

1. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ രാജ്യം 7.7 ശതമാനം വളർച്ച രേഖപ്പെടുത്തിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.
2. സ്കൂളുകളെ പി എം ശ്രീ പദ്ധതിയുടെ ഭാഗമാക്കുന്നതിൽ സാമ്പത്തിക കാര്യങ്ങൾ ഉൾപ്പെടെ പരിശോധിച്ച ശേഷം തീരുമാനമെടുക്കുമെന്ന് മന്ത്രി എൻ ഷംസുദ്ദീൻ.
3. കാർഷിക രംഗത്ത് സ്ത്രീ പങ്കാളിത്തം വർധിപ്പിക്കുന്നതിനായി വനിതാ കർഷക പദ്ധതി രൂപീകരിക്കുമെന്ന് മന്ത്രി ടി സിദ്ദീഖ്.
4. സംസ്ഥാനത്ത് തെക്കുപടിഞ്ഞാറൻ കാലവർഷം ശക്തി പ്രാപിക്കുന്നു. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത. കേരളം-ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.
5. മനുഷ്യ-വന്യജീവി സംഘർഷം നിയന്ത്രിക്കുന്നതിന് 100 കിലോമീറ്റർ പുതിയ സൗരോർജ വേലി സ്ഥാപിക്കാൻ സംസ്ഥാന സർക്കാർ തീരുമാനം.
6. നോർവേ ചെസ് കിരീടം ഇന്ത്യൻ ഗ്രാൻഡ് മാസ്റ്റർ ആർ. പ്രഗ്നാനന്ദയ്ക്ക്. അഫ്ഗാനിസ്ഥാന് എതിരായ

RNU TVPM

ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയുടെ ആദ്യ ഇന്നിംഗ്സ് ബാറ്റിംഗ് പുരോഗമിക്കുന്നു.

## പ്രധാനമന്ത്രി

ആഗോള പ്രതിസന്ധികൾക്കിടയിലും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ അടിത്തറ ശക്തമായി തുടരുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. 2025-26 സാമ്പത്തിക വർഷത്തിൽ രാജ്യം 7.7 ശതമാനം വളർച്ച രേഖപ്പെടുത്തിയതായി അദ്ദേഹം പറഞ്ഞു. ഇന്നലെ ദാമനിൽ 2,970 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കുകയായിരുന്നു പ്രധാനമന്ത്രി. ലക്ഷദ്വീപിലെ കടമത്ത്, കൽപ്പേനി ദ്വീപുകളിലായി നിർമ്മാണമാരംഭിക്കുന്ന നാല് തുറമുഖ ജെട്ടികളുടെയും തറക്കല്ലിടൽ പ്രധാനമന്ത്രി ഓൺലൈനായി നിർവഹിച്ചു.

## പി എം ശ്രീ - മന്ത്രി ഷംസുദീൻ

സംസ്ഥാനത്തെ സ്കൂളുകളെ പി എം ശ്രീ പദ്ധതിയുടെ ഭാഗമാക്കുന്ന വിഷയത്തിൽ സാമ്പത്തിക കാര്യങ്ങൾ ഉൾപ്പെടെ പരിശോധിച്ച ശേഷമേ തീരുമാനമെടുക്കാൻ സാധിക്കൂ എന്ന് വിദ്യാഭ്യാസമന്ത്രി എൻ ഷംസുദീൻ. അടിയന്തരമായി തീരുമാനമെടുക്കേണ്ട സാഹചര്യമില്ലെന്നും റിപ്പോർട്ടുകൾ പരിശോധിച്ച് തീരുമാനമെടുക്കുമെന്നും മന്ത്രി കോഴിക്കോട്ട് പറഞ്ഞു.

## കൃഷി മന്ത്രി ടി സിദ്ദീഖ്

കാർഷിക രംഗത്ത് സ്ത്രീ പങ്കാളിത്തം വർധിപ്പിക്കുന്നത് ലക്ഷ്യമിട്ട് വനിതാ കർഷക പദ്ധതി രൂപീകരിക്കുമെന്ന് കൃഷി മന്ത്രി ടി സിദ്ദീഖ്. കാലിക്കറ്റ് പ്രസ് ക്ലബ്ബ് മുഖാമുഖം പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളും പരിഹരിച്ചതായും അദ്ദേഹം പറഞ്ഞു. പ്രശ്ന പരിഹാരത്തിനായി മൂന്നംഗ മന്ത്രിസഭാ ഉപസമിതി

PRUTVPM

രൂപീകരിച്ചതായും ബാങ്കുകളുമായി ബന്ധപ്പെട്ട കരാർ പുതുക്കിയതായും മന്ത്രി അറിയിച്ചു.

---

## മഴ

സംസ്ഥാനത്ത് തെക്കുപടിഞ്ഞാറൻ കാലവർഷം ശക്തി പ്രാപിക്കുന്നു. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. നാലു ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധിയാണ്. മഴ സാധ്യത കണക്കിലെടുത്ത് ആറ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും ശേഷിക്കുന്ന മൂന്ന് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധിയാണ്. കോഴിക്കോട്ടെ വിനോദസഞ്ചാരകേന്ദ്രങ്ങളിൽ ഇന്നും നാളെയും പ്രവേശനം ഉണ്ടാകില്ല. കണ്ണൂർ പഴശ്ശി ജലസംഭരണിയുടെ ആകെയുള്ള 16 ഷട്ടറുകളിൽ ആറെണ്ണം തുറന്നു. പ്രതികൂല കാലാവസ്ഥയും കടൽക്ഷോഭവും കാരണം, കേരളം-ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ ചൊവ്വാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

RNUTVPM

---

## കോഴിക്കോട് മഴ (ഇൻട്രോ )

കോഴിക്കോട് ജില്ലയിൽ മഴയ്ക്ക് നേരിയ ശമനം. മുൻകരുതലിന്റെ ഭാഗമായി മലയോര മേഖലയിൽ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.
**(വോയിസ്.....)**

---

## വയനാട്-മേപ്പാടി

വയനാട്ടിൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ച സാഹചര്യത്തിൽ മേപ്പാടി ഗ്രാമപഞ്ചായത്തിൽ പ്രത്യേക ജാഗ്രതാ നിർദേശം. റിസോർട്ടുകളും

ഹോം സ്റ്റേകളും വിനോദസഞ്ചാര കേന്ദ്രങ്ങളും ഇന്നും നാളെയും പ്രവർത്തിക്കില്ല. എല്ലാ ഖനന പ്രവർത്തനങ്ങളും അഡ്വഞ്ചർ ടൂറിസവും ട്രക്കിങ്ങുകളും നിർത്തിവെയ്ക്കാനും ഉത്തരവിട്ടു.

❁✠❁✠❁✠❁✠❁✠❁✠❁✠❁✠❁✠

## ലക്ഷദ്വീപ് - മഴ

ലക്ഷദ്വീപിൽ ശക്തമായ കാറ്റും മഴയും തുടരുന്നു. വരും ദിവസങ്ങളിലും ശക്തമായ കാറ്റിനും മഴയ്ക്കും സാധ്യതയുള്ള തിനാൽ ഇന്നും നാളെയും ലക്ഷദ്വീപ് ദുരന്ത നിവാരണ അതോരിറ്റി ജാഗ്രതാ നിർദ്ദേശങ്ങൾ പുറപ്പെടുവിപ്പിച്ചു. മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്ന് നിർദ്ദേശം നൽകി. യാത്രാ കപ്പലുകൾ 2 മുതൽ 4 മണിക്കൂർ വരെ വൈകിയാണ് സർവീസ് നടത്തുന്നത്.

❁✠❁✠❁✠❁✠❁✠❁✠❁✠❁✠❁✠

## ഷിബു ബേബി ജോൺ

മനുഷ്യ-വന്യജീവി സംഘർഷം ഫലപ്രദമായി നിയന്ത്രിക്കുന്നതിന് കേരള വനം വകുപ്പ് 100 ദിന കർമ്മപരിപാടി നടപ്പിലാക്കുമെന്ന് മന്ത്രി ഷിബു ബേബി ജോൺ. സംസ്ഥാനത്ത് നിലവിലുള്ള 2,000 കിലോമീറ്റർ സൗരോർജ വേലികൾ പൂർണ പ്രവർത്തനക്ഷമമാക്കുന്ന തിനോടൊപ്പം, 100 കിലോമീറ്റർ പുതിയ സൗരോർജ വേലികളും 100 ദിവസത്തിനുള്ളിൽ സ്ഥാപിക്കും. വനമേഖലയോട് ചേർന്ന റോഡുകളുടെ ഇരുവശങ്ങളിലുമുള്ള അടിക്കാടുകൾ വെട്ടിത്തെളിച്ച് വന്യമൃഗങ്ങളുടെ സാന്നിധ്യം മുൻകൂട്ടി തിരിച്ചറിയാൻ സൗകര്യമൊരുക്കുമെന്നും മന്ത്രി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

RNUTVPM

❁✠❁✠❁✠❁✠❁✠❁✠❁✠❁✠❁✠

## സി.ബി.എസ്.ഇ

മാർക്ക് പരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനുമുള്ള അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി CBSE നാളെ വരെ നീട്ടി. അപേക്ഷാ നടപടികൾ പൂർത്തിയാക്കാൻ വിദ്യാർത്ഥികൾക്ക് കൂടുതൽ സമയം നൽകുന്നതിനായാണ് ഈ തീരുമാനമെന്ന് സി.ബി.എസ്.ഇ വ്യക്തമാക്കി.

### ട്രോളിങ് നിരോധനം

സംസ്ഥാനത്ത് ചൊവ്വാഴ്ച അർദ്ധരാത്രി മുതൽ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തും. ജൂലൈ 31 അർദ്ധരാത്രി വരെയാണ് നിരോധനം. മത്സ്യസമ്പത്ത് സംരക്ഷിക്കുകയും ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുകയും ചെയ്യുന്നതിനായാണ് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നത്. ട്രോളിംഗ് നിരോധന കാലത്ത് തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ നൽകുന്നതിന് സിവിൽ സപ്ലൈസ് വകുപ്പുമായി സഹകരിച്ച് നടപടി സ്വീകരിക്കുമെന്ന് ഫിഷറീസ് വകുപ്പ് അറിയിച്ചിട്ടുണ്ട്.

### പാലക്കാട് (ഇൻട്രോ)

പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനുള്ള തീരുമാനങ്ങൾ എടുക്കാൻ മന്ത്രി കെ.എ തുളസിയുടെ നേതൃത്വത്തിൽ യോഗം ചേർന്നു. ഇന്ന് തിരുവനന്തപുരത്ത് കാര്യങ്ങൾ വിശദീകരിക്കുമെന്ന് മന്ത്രി അറിയിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.....

(വോയ്സ്)

RNU TVPM

### കെപിസിസി നേതൃയോഗം

നിയമസഭാ തിരഞ്ഞെടുപ്പ് വിജയത്തിന് പിന്നാലെ കെപിസിസി വിശാല നേതൃയോഗം തിരുവനന്തപുരത്ത് കെപിസിസി ആസ്ഥാനത്ത് ആരംഭിച്ചു. മുഖ്യമന്ത്രി, മന്ത്രിമാർ, കോൺഗ്രസ് എംപിമാർ, എംഎൽഎമാർ, ഡിസിസി പ്രസിഡന്റുമാർ എന്നിവരടക്കമുള്ള നേതാക്കൾ പങ്കെടുക്കുന്നു. കെപിസിസി പുനസംഘടനാ വിഷയമാണ് യോഗത്തിലെ പ്രധാന അജണ്ട.

## മലപ്പുറം - അപകടം

മലപ്പുറം കൊണ്ടോട്ടിയിൽ തീർത്ഥാടക സംഘം സഞ്ചരിച്ചിരുന്ന ടെമ്പോ ട്രാവലറും ടിപ്പർ ലോറിയും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ രണ്ടുപേർ മരിച്ചു. പാലക്കാട് വടവന്നൂർ സ്വദേശി രാജേഷ്, പാലക്കാട് മുർകശംകുന്ന് സ്വദേശി രമണി എന്നിവരാണ് മരിച്ചത്. അപകടത്തിൽ 10 പേർക്ക് പരിക്കേറ്റു. പരിക്കേറ്റവരെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റി.

❋✠❋✠❋✠❋✠❋✠❋✠❋✠❋✠❋

## വയനാട് വിദ്യാർത്ഥികൾ ചികിത്സയിൽ

വയനാട്ടിൽ ശാരീരിക അസ്വസ്ഥതയെ തുടർന്ന് 30 ലേറെ വിദ്യാർത്ഥികൾ ചികിത്സയിൽ. കോളിയാടി AUP സ്കൂൾ വിദ്യാർത്ഥികളാണ് പനിയും ചർദിയും ബാധിച്ച് ബത്തേരി താലൂക്ക് ആശുപത്രി, അമ്പലവയൽ എന്നിവിടങ്ങളിൽ ചികിത്സയിൽ ഉള്ളത്. പ്രാഥമിക പരിശോധനയിൽ ബാക്ടീരിയൽ അണുബാധയാണെന്ന് സംശയിക്കുന്നതായി ഡോക്ടർമാർ പറഞ്ഞു. ആരുടേയും നില ഗുരുതരമല്ലെന്നും ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും ആശുപത്രി സൂപ്രണ്ട് അറിയിച്ചു. കൂടുതൽ രക്ത പരിശോധനകൾക്ക് ശേഷം രോഗനിർണയത്തിലേക്കെത്തും.

RIU TVPM

❋✠❋✠❋✠❋✠❋✠❋✠❋✠❋✠❋

## ആഫ്രിക്കൻ പന്നിപ്പനി

കോട്ടയത്ത് ആഫ്രിക്കൻ പന്നിപ്പനി സ്ഥിരീകരിച്ചു. കാഞ്ഞിരപ്പള്ളി കപ്പാട് ഗവൺമെന്റ് പന്നിഫാമിലെ 250 പന്നികൾക്കാണ് രോഗം സ്ഥിരീകരിച്ചത്. പന്നികളെ കൂട്ടത്തോടെ കൊന്നൊടുക്കി. പ്രോട്ടോകോൾ പാലിച്ചു തന്നെ മുഴുവൻ പന്നികളെയും മറവ് ചെയ്തു. കഴിഞ്ഞ 21-നാണ് പന്നികളിൽ രോഗ ലക്ഷണങ്ങൾ കണ്ടെത്തിയത്. ഭോപ്പാലിലെ ലാബിൽ നടത്തിയ പരിശോധനയിൽ രോഗം സ്ഥിരീകരിച്ചത്.

❋✠❋✠❋✠❋✠❋✠❋✠❋✠❋✠❋

## നോർവേ ചെസ് കിരീടം

നോർവേ ചെസ് കിരീടം ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ ആർ. പ്രഗ്നാനന്ദയ്ക്ക്. ഓസ്ലോയിൽ നടന്ന മത്സരത്തിൽ ജർമ്മനിയുടെ

വിൻസെന്റ് കീമറിനെ അവസാന റൗണ്ടിൽ പരാജയപ്പെടുത്തിയാണ് പ്രഗ്നാനന്ദയുടെ ചരിത്രവിജയം. ഈ നേട്ടം സ്വന്തമാക്കുന്ന ആദ്യ ഇന്ത്യക്കാരനാണ് പ്രഗ്നാനന്ദ.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## ക്രിക്കറ്റ്

അഫ്ഗാനിസ്ഥാന് എതിരായ ക്രിക്കറ്റ് ടെസ്റ്റിൽ ടോസ് നേടിയ ഇന്ത്യ ബാറ്റിംഗ് തെരഞ്ഞെടുത്തു. ഉച്ചഭക്ഷണത്തിന് പിരിയുന്പോൾ ഇന്ത്യ ഒരു വിക്കറ്റിന് 96 റൺസ് എന്ന നിലയിലാണ്. ന്യൂ ചണ്ഡീഗഡിലെ മുല്ലൻപൂരിലാണ് മത്സരം.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## സാഫ് വനിതാ ഫുട്ബോൾ

സാഫ് വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും. വൈകുന്നേരം 6:30 ന് ഗോവയിലാണ് മത്സരം. ഇന്ത്യൻ വനിതകൾ ഇതുവരെ അഞ്ച് തവണ സാഫ് ഫുട്ബോൾ കിരീടം നേടിയിട്ടുണ്ട്.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## എ.സി ശ്രീഹരി

കവിയും പയ്യന്നൂർ കോളേജ് റിട്ടയേർഡ് അധ്യാപകനുമായ എ.സി ശ്രീഹരി അന്തരിച്ചു. കഴിഞ്ഞ മെയ് 30 നാണ് അദ്ദേഹം വിരമിച്ചത്. സംസ്കാരം നാളെ.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## ആയുഷ്

2025-26 വർഷത്തെ ഓൾ ഇന്ത്യ ആയുഷ് ഇ ഇ പരീക്ഷയിൽ വയനാട് സ്വദേശിക്ക് ഒന്നാം റാങ്ക് . MSC - SLP എൻട്രൻസ് പരീക്ഷയിലാണ് മേപ്പാടി മൂപ്പനാട് സ്വദേശിയായ അപർണ ഒന്നാം റാങ്ക് നേടിയത്.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

❁❁❁❁❁❁❁❁❁❁❁❁❁

❁❁❁❁❁